**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പിന്റെ വിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിലെ പൂഴ്ത്തിവയ്പ്പും വില നിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | 01.07.2021 മുതൽ 31.03.2022വരെ 11950 പരിശോധനകൾ നടത്തിയിട്ടുണ്ട്.ക്രമക്കേട് കണ്ടെത്തിയ 164 ചില്ലറവിതരണ കേന്ദ്രങ്ങളുടെയും 3 മണ്ണെണ്ണ മൊത്തവിതരണ കേന്ദ്രങ്ങളുടെയും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും 24 ചില്ലറ വില്പന കേന്ദ്രങ്ങൾ ക്യാൻസൽ ചെയ്യുകയും ഉണ്ടായി; |
| (ബി) | പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും കണ്ടെത്തുന്നതിനും വിലനിയന്ത്രണം സാധ്യമാക്കുന്നതിനും എന്തെല്ലാം അധികാരങ്ങളാണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് 1955ലെ Essential Commodities Act,1980ലെ Prevention of Black Marketing and Maintenance of Supplies of Essential Commodities Act (PBMMSEC Act) എന്നിവ പ്രകാരം പൂഴ്ത്തിവയ്പ്,കരിഞ്ചന്ത എന്നിവ കണ്ടെത്തുന്നതിനും,വിലനിയന്ത്രണം സാധ്യമാക്കുന്നതിനുമായി പൊതുവിപണികൾ, അംഗീകൃത റേഷൻകടകൾ എന്നിവ പരിശോധിയ്ക്കുന്നതിനും, BPL കാർഡ് വിതരണം സംബന്ധിച്ച പരാതികൾ പരിശോധിച്ച് പരിഹരിയ്ക്കുന്നതിനും റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് പരിഹരിയ്ക്കുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിയ്ക്കുന്നതിനും അധികാരമുണ്ട്.കൂടാതെ റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിലെ ക്രമക്കേട് കണ്ടെത്തി തടയുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഫ്ലയിങ് സ്ക്വാഡ് രൂപീകരിച്ച് വിവിധ പരിശോധനകളും നടത്തുന്നുണ്ട്; |
| (സി) | ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ; | (സി) | അനുബന്ധമായി ഉൾപ്പെടുത്തിയിരിയ്ക്കുന്നു; |
| (ഡി) | ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ | (ഡി) | നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ് . |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് പുതിയ നിയമ നിർമ്മാണം നടത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം - 33
ഫോൺ : 0471 - 2320578, 2320379
Website: www.civilsupplieskerala.gov.in ✉: cru.ccs@kerala.gov.in

നം.CCS/1720/2022-VIG1 തീയതി:20/04/2022

CIRCULAR NO . 08/2022

വിഷയം: സി.സ -വിജിലൻസ് - ഫ്ലൈയിംഗ് സ്ക്വാഡ് രൂപീകരണം - NFSA - ഭക്ഷ്യ ധാന്യങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി ഓരോ ക്വാർട്ടറിലും റിപ്പോർട്ട് കേന്ദ്രസർക്കാരിൽ സമർപ്പിക്കേണ്ടത് സംബന്ധിച്ച് :

സൂചന : 1. കേരള സർക്കാർ - പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിൽ നിന്നുള്ള 01 .01 .2022 ലെ . D1 / 5770345 / 2021 / FCSD നമ്പർ കത്ത് .

2 .ഭക്ഷ്യ പൊതുവിതരണം - ഇന്ത്യാ ഗവൺമെന്റിന്റെ 22 .12 .2021 ലെ D .O .No. 9 (10)/ 2004 -PD .II (E . 333181 ) നമ്പർ കത്ത് .

F C I ഗോഡൗണുകളിൽ നിന്നും NFSA ഗോഡൗണുകളിലേക്കും NFSA ഗോഡൗണുകളിൽ നിന്നും FPS കളിലേക്കുമുള്ള സ്റ്റോക്ക് വിതരണം സംബന്ധിച്ച നടക്കുന്ന ക്രമക്കേടുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് മേൽ സൂചന (2) പ്രകാരം എല്ലാ സംസ്ഥാനത്തോടും നിർദ്ദേശിച്ചിട്ടുള്ളതും ആയതിനായി സംസ്ഥാന സർക്കാരിന്റെ സൂചന (1) നിർദ്ദേശപ്രകാരം താലൂക്ക് തലത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഫ്ലയിങ് സ്ക്വാഡ് രൂപീകരിച്ച ഉത്തരവാകുന്നു .

1 . അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ (TEAM HEAD ) .
2. ബന്ധപ്പെട്ട താലൂക്കിലെ, എന്നാൽ പരിശോധിക്കേണ്ട ഫിർക്കയിൽ നിന്നും അല്ലാത്ത ഒരു റേഷനിംഗ് ഇൻസ്പെക്ടർ .

ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ താഴെ പറയുന്ന ചുമതലകൾ നിർവഹിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

1 . F C I യിൽ നിന്നും , FPS കളിൽ നിന്നും FOOD GRAINS സാമ്പിളുകൾ ശേഖരിക്കുകയും രണ്ടിടത്തും ഒരേ ക്വാളിറ്റിയിലുള്ള ഭാഷ്യധാന്യങ്ങൾ തന്നെയാണ് NFSA ഉപഭോക്താക്കൾക്കായി സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യുന്നത് എന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തുക

2 .ഓരോ മൂന്ന് മാസത്തിലൊരിക്കൽ ഒരു ഫിർക്കയിൽ നിന്നും 10 % ൽ കുറയാത്ത FPS കളിലും , എല്ലാ മാസത്തിലും NFSA ഗോഡൗണുകളിലും FCI ഗോഡൗണുകളിലും സാമ്പിൾ പരിശോധനയും നടത്തുക .

3 .കണ്ടെത്തിയ ക്രമക്കേടുകൾക്ക് FIR ഇട്ട് കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക . / സ്വീകരിച്ച ശിക്ഷാ നടപടികളുൾപ്പെടെ മൂന്ന് മാസത്തിൽ ഒരിക്കൽ റിപ്പോർട്ട് ചെയ്യുക .

ഓരോ താലൂക്ക് സപ്ലൈ ഓഫീസർമാരും മേൽ പ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമയബന്ധിതമായി ഇതിനോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ (google sheet attached) പൂരിപ്പിച്ച് അതത് ടീം ഫ്ലൈയിംഗ് സ്ക്വാഡുകൾ സാക്ഷ്യപ്പെടുത്തി താലൂക്ക് സപ്ലൈ ഓഫീസർക്ക് സമർപ്പിക്കുകയും താലൂക്ക് സപ്ലൈ ഓഫീസർ ഈ റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർക്ക് സമർപ്പിക്കുകയും ജില്ലാ സപ്ലൈ ഓഫീസർ പ്രസ്തുത റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഓരോ ക്വാർട്ടറിലെയും അവസാനത്തെ മാസത്തിന്റെ തൊട്ടടുത്ത മാസം 5 ആം തീയതിക്ക് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ് .

**പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ**

ഉള്ളടക്കം : പ്രൊഫോർമ (Google Sheet Attached).

പകർപ്പ് : 1 . എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും .
2 .എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും .